# ഡിജിറ്റൽ മാഗസിൻ

ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ

പാറശാല

# ലിറ്റിൽ ഡ്രോപ്സ്

**ഡിജിറ്റൽ മാഗസിൻ**



ലിറ്റിൽ ഡ്രോപ്പ്സ്

**സമർപ്പിക്കുന്നത്**
**ഗവ.വി & എച്ച്.എസ്.എസ്.പാറശാല**
**ലിറ്റിൽകൈറ്റ്സ്**

# ആശംസകൾ



വിദ്യാഭ്യാസതിലൂടെ നമ്മുടെ ജീവിതം
പ്രകാശപൂർണമാകുന്നു. വായനാശീലം വളർത്തിയെടുക്കുന്നതിലുടെ
കുട്ടുകളുടെ സർഗാത്മ നൈപുണി ഉയരുന്നു. നമ്മുടെകൊച്ചുകുട്ടുകാർക്ക്
അവരുടെ കഴിവുകൾ വികസിപ്പിക്കാനും വിവിധങ്ങളും
രസകരവുമായ കാര്യങ്ങൾ പരസ്പരം മനസിലാക്കാനും വായനാ ശീലം
വളർത്തി സമൂഹത്തിൻറെ ശക്തിസത്രോതസുകളായി മാറാനും
സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ്മിസ്ട്രസ്
ഗവ. വൊക്കേഷണൽ
ഹയർ സെക്കൻററി സ്കൂൾ
പാറശാല

## എഡിറ്റോറിയൽ

"വിദ്യാഭ്യാസത്തിൻറെ പ്രാഥമിക ലക്ഷ്യം വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണമാണ്."

"ഒരാളുടെ മഹത്വം നിലനിൽക്കുന്നത് അയാളുടെ ഹൃദയത്തിലാണ്, ബുദ്ധി വൈഭവത്തിലല്ല."

- മഹാത്മാഗാന്ധി

ഒരു കണ്ണീർക്കണം മറ്റ-
ുള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മി -
ലായിരം സൗരമണ്ഡലം
ഒരു പുഞ്ചിരി ഞാൻ മറ്റ -
ുള്ളവർക്കായ് ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു -
നിത്യ നിർമ്മല പൗർണമി

- അക്കിത്തം അച്ചുതൻ നമ്പൂതിരി

ഓരാ മനുഷ്യനും മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുമ്പോഴാണ് അവരുടെ ജീവിതം മഹത്വമുള്ളതാകുന്നത്. മറ്റുള്ളവരുടെ സുഖത്തിലും ദുഃഖത്തിലും ഒരു പോലെ പങ്കാളിയാവുകയാണ് വേണ്ടത്. അന്യരുടെ ദുഃഖത്തിൽ പങ്കുചേരുമ്പോഴും അവരോട് സ്നേഹത്തോടെ ഇടപെടുമ്പോഴാണ് മനുഷ്യജീവിതം അർത്ഥപൂർണ്ണമാകുന്നത്.
അന്യ ജീവനുതകി സ്വജീവിതം ധന്യമാകുമമലേ വിവേകികൾ

- കുമാരനാശാൻ

# ആമുഖം

പാറശ്ശാല ഗവൺമെൻറ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ കുരുന്നു മനസുകളുടെ മലർവാടിയിൽ പൂത്തുലഞ്ഞ് സൗരഭ്യം പരത്തുന്ന സങ്കല്പങ്ങളും ഭാവനകളും വിവിധ ഭാഷാ വ്യവഹാരങ്ങളായി നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.ജാതി , മതം, വർഗ്ഗം വർണ്ണം, ആൺ, പെൺ വ്യത്യാസം വെടിഞ്ഞുള്ള ദൈവാനുഗ്രഹത്തിൻറെ, ഐശ്വര്യത്തിൻറെ വിദ്യാഭ്യാസത്തിനാണ് ലക്ഷ്യം.

നെയ്യാറ്റിൻകര താലൂക്കിൽ പാറശ്ശാല വില്ലേജിൽ ഒരേ മനസ്സോടെ ഒരേ ഭാവത്തോടെ ഒരേ സ്നേഹത്തോടെ ഒരേ ലക്ഷ്യത്തോടെ കൈ കോർത്ത് പി ടിച്ച് ഒറ്റക്കെട്ടായി പ്രവർത്തിക്കുന്ന അദ്ധ്യാപകർ കുരുന്ന് പ്രതിഭകൾക്ക് അറിവും, ശക്തിയും , ചൈതന്യവും പകരുന്നു.

പുതിയ കാൽവൈയ്പ്പിൻറെ വിജയകാഹളവുമായി പുറത്തിറങ്ങുന്ന ഈ മാഗസിന് ജീവനും ശക്തിയും,ചൈതന്യവും പകരുവാൻ ആത്മാർത്ഥമായി പ്രവർത്തിച്ച,സഹായിച്ച,സഹകരിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ..........ആശംസകൾ

**ആശംസകൾ**



കുഞ്ഞു മനസ്സുകൾ കഥയായ് ,കവിതയായ് ,ലേഖനങ്ങളും ,നറുങ്ങ് വിശേഷങ്ങളുമായി പറന്ന് ഉയരുകയാണ്.അങ്ങനെ നമ്മുടെ നാട് നന്മയുടെ പ്രതീകമായി ഇവിടെ നിറയുന്നു.വായനയുടെ അനുഭവങ്ങൾ വെളിച്ചമായി മാറുന്നുവെന്ന് ഈ മാഗസിൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. പുസ്തകത്തിൻറെ രചനയ്ക്ക് കാരണക്കാരായ കൊച്ചു കൂട്ടുകാർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

ആശംസകളോടെ,
പി. ടി.എ.പ്രസിഡൻറ്
ഗവ.വൊക്കേഷണൽ
ഹയർ സെക്കൻററി സ്കൂൾ
പാറശ്ശാല.

**ആശംസകൾ** 

പ്രശ്നങ്ങൾ നിറഞ്ഞ ലോകത്ത് പ്രതിസന്ധികളെ പുഞ്ചിരിയാൽ തരണം ചെയ്തുകൊണ്ട് ഔന്നത്യങ്ങളിലേക്ക് കുതിക്കുന്ന ഒരു പുത്തൻ തലമുറയുടെ വാഗ്ദാനങ്ങളായി മാറാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സ്റ്റാഫ് സെക്രട്ടറി
ഗവ. വൊക്കേഷണൽ
ഹയർ സെക്കൻററി സ്കൂൾ
പാറശ്ശാല.

# മലയാളം



**അച്ഛൻ...**

കാഴ്ചയിൽ കല്ലുപോൽ തോന്നാറുണ്ടെങ്കിലും
അഴകുള്ള കവിതയാണെന്നുമച്ഛൻ...
അമ്മ ചൊല്ലിതരും കഥകളിൽ നിത്യവും
മിഴിവാർന്ന നായകനെന്നുമച്ഛൻ...
അറിയാതെ പ്രതിസന്ധി പുണരുന്ന നേരത്ത്
കുലുങ്ങാതെ കുന്നുപോൽ ഉയരുമച്ഛൻ
അറിയുന്തോറും ഉള്ളിലാത്ഭുതം കൂട്ടുന്ന
ആഴക്കടലിന്റെ താഴ്ച്ചയച്ഛൻ...
വായിക്കുന്തോറും ഉള്ളിലാഴ്ന്ന
പതിയുന്ന അന്തസ്സുള്ള വരികളാണെന്നു
മച്ഛൻ കർകശമേലാട വരിയാണിയുമ്പോൾ
ഏഴഴകുമുള്ളിൽ ഒളിപ്പിക്കുമച്ഛൻ...
ചോരയെ നീരക്കി, റാവുപകലക്കി
ജീവിതത്തോടെന്നും പൊരുതുമച്ഛൻ...
വാക്കുകൾ കൊണ്ടളക്കുവാനാകാത്ത
മൂന്നാക്ഷരമുള്ള ലോകമച്ഛൻ
മുൾപ്പാതയിൽ പാതമൂന്നിനടന്നാദ്യം
വഴിയിൽ മൂർച്ച കുറച്ചതച്ഛൻ...
തനിയെ നടക്കുമ്പോൾ, കാലിടറി വീഴാതെ
കൈത്തന്നുയർത്തിയതെന്നുമച്ഛൻ

**By,**
**Abija.K.M**
**8 A1**

## വന്ദനം

വായനയാം പൊതുസ്വത്തിനെ
വളർത്താം നമുക്ക് കുരുന്നുകൾക്കായ്
കുഞ്ഞുമനസ്സിൽ വായനതൻ മഹത്വങ്ങൾ നിറയ്ക്കാം
പുതുതലമുറയെ നയിക്കാം
വായന തൻ വിജ്ഞാന വീഥിയിലൂടെ
എന്നുമാ കുഞ്ഞുമനസ്സിൽ
പി എന്നിൻ മുഖം തെളിയട്ടെ
വന്ദനം നൽകീടട്ടെ.

## കരുതലിന്റെ സ്പർശനം

കണ്ണിൽ കിനാവിന്റെ മന്ദസ്മിതം.കൈയിൽ തോറിന്റെ ശക്തി. കളികളിൽ ബാറ്റ്മാന്റെ ബൈക്കിലെ വേഗത. ശരീരത്തിൽ ഹൾകിന്റെ പവറും, മനസ്സിൽ അയൺമാന്റെ ഉറപ്പും. ഇതാണെന്റെ അച്ഛൻ. ഒരു Real Super Hero. എല്ലവർക്കും അച്ഛൻ പാതി നല്ലതും പാതി ചീത്തയുമാണ്. പക്ഷെ എന്റെ ജീവിതത്തിൽ അതിനു വിപരീതമാണ്. കനിയുന്ന ആ മനസ്സും, കരുത്തക്കേടിനു കൂട്ടുനിക്കുന്ന ഒരു നല്ല സുഹൃത്താൻ അച്ഛൻ. കരുതലിന്റെ മറുബിംബമാണ് അച്ഛൻ. തലമിടിക്കുന്ന ഹൃദയമിടിപ്പുകളിലും നൃതം ചവിട്ടുന്ന ഹൃദയവും ശ്രുതി ചൊല്ലുന്ന ഈ ശ്വാസനാളിയിലും ഈണമാകുന്ന ചോരയിലും അലിഞ്ഞിരിക്കുകയാണ് അച്ഛൻ. കത്തുന്ന തീ ജ്വാലയാണ് അച്ഛൻ. മറ്റൊന്നിനും പകരം നിർത്താൻ കഴിയാത്ത സ്നേഹമാണ് അച്ഛൻ. ഞാൻ മനുഷ്യനായി മാറിയതും... മാറ്റിയതും എന്റെ അച്ഛനാണ്. സ്പൈഡർമാന്റെ വലയിൽ പെട്ട്, ഒരിക്കലും പിരിയാതെ മുറുകിയിരിക്കുകയാണ് നമ്മുടെ ബന്ധം. ചുട്ടുപൊള്ളുന്ന ആ വേനലിലും, വിറക്കുന്ന മഴയിലും തണലും താങ്ങായും കുടയയും മാറുന്ന ഒരു മാജിഷ്യനാണ് അച്ഛൻ. വിട്ടുപോകില്ല ഇന്നും, അന്നും, എന്നും...... ഒരിക്കലും.... പിരിഞ്ഞാലും എന്റെ മനസ്സിലെ ഒരു കോണിൽ ആ നിമിഷങ്ങൾ പ്രതിധ്വാച്ചുകൊണ്ടിരിക്കും. എവിടെയായിരുന്നാലും ഞാൻ എന്നും ഓർത്തുകൊണ്ടിരിക്കും. ശരീരം എത്ര ദൂരെയാണെങ്കിലും മനസ്സ് എപ്പോഴും എന്റെ

അച്ഛനോടായിരിക്കും. എന്റെ ജീവിതത്തിലെ ഒരു Real Super Hero എന്നുപറഞ്ഞാൽ അത് എന്റെ അച്ഛനാണ്

The Real Warrior

**By,**

**D. Devika**

**IX A3**

**കൃഷിച്ചൊല്ലുകൾ**

* ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴച്ചു.

* ഞാറുറച്ചാൽ ചോറുറച്ചു.

* മണ്ണറിഞ്ഞ് വളം എറിഞ്ഞാൽ കിണ്ണം നിറയെ ചോറുണ്ണാം.



.

* എണ്ണത്തിൽ കൂടിയാൽ വണ്ണത്തിൽ കുറയും

* അടുത്തു നട്ടാൽ അഴക് അകറ്റി നട്ടാൽ വിളവ്.

* കയ്യാടിയാലെ വായാടൂ.

* പിരിച്ചു നട്ടാലെ കരുത്ത് കൂടൂ.

* അരിവിളമ്പിന് അരി അങ്ങാടിയിൽ.

* ഉഴുന്ന കാള വിത്തറിയേണ്ട.

* നെല്ലറ പൊന്നറ.

*കുമ്പളം കുത്തിയാൽവെള്ളരി മുളയ്ക്കില്ല.

* കാരി വിതച്ചാൽ കുറച്ചേ കൊയ്യൂ

* കണ്ടം വിറ്റ് കന്നിനെ വാങ്ങിയിട്ടെന്താ.

# ഇടറാത്ത ശബ്ദം

ഇരുളിലെ ഒരു വെളിച്ചമാണ് അമ്മ.എന്റെ ജീവിതത്തിനെ പ്രകാശപൂരിതമാക്കിയ ജോതിയാണ് നിങ്ങൾ.'അമ്മ' എന്നെ എന്തിനാണ് ആ തെരുവിൽ വലിച്ചെറിഞ്ഞത്? എന്തിനാണ് എന്നെ ഉപേക്ഷിച്ചത്? എന്തുകൊണ്ടാണ് ഞാൻ ജനിക്കുന്നതിനു മുമ്പ് തന്നെ അച്ഛൻ എന്നെന്നേക്കുമായി നിദ്രയിലാണ്ടത്? എന്നുമുതലാണ് ഞാൻ അനാദയായി മാറിയത്? എന്നുമുതലാണ് ഞാൻ നിങ്ങൾക്കു ഭാരമായി തോന്നിയത് കാണുമ്പോൾ ഇതൊക്കെ നിങ്ങളോട് ചോദിക്കണം എന്നുണ്ട്.... പക്ഷെ ഇതിനൊക്കെ ഉത്തരവാദികൾ അന്യരാണ് എന്നു അറിഞ്ഞപ്പോൾ ഞാൻ എന്നെ തന്നെ വെറുത്തുപോയി. കേവലം ഈ മണ്ണിനും പൊന്നിനും വേണ്ടി എന്നെ ആ രണ്ടുമാസകാലത്തു തെരുവിൽ ഉപേക്ഷിച്ചിട്ടു, എന്റെ അമ്മയെ എന്നിൽ നിന്നു പിരിച്ചുകൊണ്ട് പോയത് എന്റെ ബന്ധുക്കൾ ആണ്. സ്വത്തുക്കൾ കൈക്കലാക്കാൻ, അഭിമാനം പോകാതിരിക്കാൻ അവർ എന്റെ അമ്മയുടെ കണ്മുമ്പിൽ വച്ചു തന്നെ അച്ഛനെ അഗ്നിക്കിരയാക്കി. അമ്മയുടെ പേരിലുള്ള സ്വത്തുക്കൾ കൈക്കലാക്കാൻ വേണ്ടി മാത്രമാണ് ഇപ്പോഴും എന്റെ അമ്മയെ ജീവനോടെ വച്ചിരിക്കുന്നത്.എനിക്കു വേണ്ടി വന്നുകൂടെ? എന്നെ ഒന്ന് വിളിച്ചുകൂടെ? ഞാൻ വരുമായിരുന്നു.നിങ്ങളെ കൊണ്ടുപോകുമായിരുന്നു. വേദനയുടെ പോർക്കളത്തിലും കണ്ണീരിന്റെ സമുദ്രത്തിലും മുറിവിലെ ചോരയിലും നിന്നു എന്റെ അമ്മയെ ഞാൻ രക്ഷിക്കുമായിരുന്നു. അമ്മയെ കണ്ടു ഇതൊക്കെ ചോദിക്കാനാണ് ഞാൻ അവിടെ 20 വർഷത്തിന്റെ യുദ്ധതിനു ശേഷം വന്നത്.പക്ഷെ ഇതൊക്കെ നടക്കില്ലെന്നു നേരെത്തെ അറിഞ്ഞിരുന്നുവെങ്കിൽ ഞാൻ 'അനാദ' എന്ന പേരിൽ തന്നെ ജീവിക്കുമായിരുന്നു. അമ്മയെ കാണുന്ന ഈ നിമിഷം എന്റെ ജീവിതത്തിലെ എല്ലാം മാറിമാറിയും എന്ന് ഞാൻ വിചായിരിച്ചു. ഇന്നു വരെയും ഇടറാതെ ഉറച്ചു നിന്ന എന്റെ ശബ്ദവും കാലുകളും അമ്മയെ കണ്ടപ്പോ ഇടറിപ്പോയി എന്റെ മുമ്പിൽ എറിഞ്ഞു തീർന്ന ശവശരീരത്തിലെ അസ്ഥിതികൾ മാത്രമാണ് എന്റെ അമ്മ

എന്നു അറിഞ്ഞപ്പോൾ ഹൃദയത്തിൽ ഉരുക്കി പഴുപ്പിച്ച ഇരുമ്പ് കൊണ്ട് കുത്തി കീറുന്നതു പോലെ തോന്നി. ഞാൻ ഇത് വരെയും അമ്മയെ കണ്ടിട്ടില്ല. ഇനിക്കാണുകയുമില്ല കണ്ടാലും അറിയാൻ കഴിയാത്ത വിധത്തിൽ വെളുത്ത ഇരുമ്പിൽ കഷ്ണങ്ങൾ ഒടിച്ചതുപോലെയുള്ള അഴുകിയ അമ്മയുടെ ശരീരമാണ് കാണേണ്ടി വന്നത്. എന്തിനാണ് എനിക്കു ഇത്രയും ക്രൂരമായ വിധി അനുഭവിക്കേണ്ടി വന്നത്. കൈയ്യും കാലും ചലിക്കുന്നില്ല എന്റെ കണ്ണിൽ നിന്നും സമുദ്രം കണക്കേ കണ്ണുനീർ ഒഴുകുന്നുണ്ട്.ആ അസ്ഥിയെ കണ്ടപ്പോൾ അമ്മ എന്നു വിളിക്കാൻ തോന്നിയില്ല.തൊണ്ട വറ്റിപോയി മറ്റുള്ളവരുടെ നിലവിളി ഒന്നും കേക്കുന്നില്ല നിന്നെ കാണാനാണ് ഞാൻ ഇത്രയും നാളും ജീവിച്ചതു പക്ഷേ അതിനു പോലും എനിക്കു ഭാഗ്യം ഇല്ല. എങ്കിലും ഞാൻ അമ്മയെ കണ്ടു മനസ്സിലെ ഒരു ചെറിയ കോണിൽ എന്നെ കരയാതെ എന്നും താലോലിക്കുന്ന ഒരു അമ്മ.ആ മൃതുസ്പർശം ഞാൻ അറിഞ്ഞു. അവസാനം ഞാൻ ഇടറാത്ത ശബ്ദത്തോട്ടു പറഞ്ഞു എന്റെ അമ്മയെ നോക്കി പറഞ്ഞു "അമ്മ അമ്മ അമ്മ".

**By,**
**D.Devika**
**IXA3**

# നന്മയിലേയ്ക്കുള്ള കാൽ വെയ്പ്പുകൾ

മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു
മനുഷ്യനും മതങ്ങളും ദൈവങ്ങളും കൂടി
മണ്ണ് പങ്കുവച്ചു മനസ്സു പങ്കുവച്ചു."
അങ്ങനെ മതത്തിൻറെയും ജാതിയുടേയും പേരിൽ തമ്മിൽ തല്ലി .പരസ്പരം കൊല്ലുന്ന സാഹചര്യം
വരെ ഉണ്ടാകുന്നു.മനുഷ്യസ്നേഹം ലക്ഷ്യമാക്കി രൂപപ്പെട്ട മതങ്ങൾ മനുഷ്യൻ എങ്ങനെ
പെരുമാറണം എന്ന് നമ്മെ സ്മരിപ്പിക്കുന്നചില സൂക്തങ്ങൾ...
"മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെ
അവരോട് പെരുമാറുക. "- ബൈബിൾ
"നിങ്ങൾക്ക് അഹിതമായത് എന്തോ ,അത് അന്യനും അഹിതമാണെന്ന് ധരിക്കണം.നിനക്ക്
ഇഷ്ടമാകാത്തത് അന്യനെ ഏല്പിക്കുത്. ഇതാണ് ധർമ്മത്തിൻറെ സാരം." -മഹാഭാരതം
"തനിക്കുവേണ്ടി താൻ ഇഷ്ടപ്പെടുന്നത് തൻറെ സഹോദരനും ഇഷ്ടപ്പെടുന്നതുവരെ നിങ്ങളിലൊരാളും
യഥാർത്ഥ വിശ്വാസി ആവുകയില്ല. " നബിവചനം
"മതമേതായാലും മനുഷ്യൻ നന്നായാൽ മതി
ഒരു ജാതി ഒരു മതംഒരു ദൈവം മനുഷ്യന്. " - ശ്രീനാരായണ ഗുരു
"ആർക്കും തിന്മ വരണം എന്ന് ആഗ്രഹിക്കരുത് . ആരെക്കുറിച്ചും പരുഷമായി
സംസാരിക്കരുത്.ആർക്കും പ്രവർത്തന വിഘ്നം ഉണ്ടാക്കരുത്."- ഗുരുനാനാക്ക്

## വിദ്യാഭ്യാസം അന്നും ഇന്നും -

## നമ്മുടെ നാട്ടിൽ

സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് നമ്മുടെ നാട്ടിൽ നിലനിന്നിരുന്നത് ഗുരുകുല വിദ്യാഭ്യാസമായിരുന്നു. അന്ന് ശിഷ്യന്മാർ ഗുരുവിൻറെ വീട്ടിൽ താമസിച്ച് ഗുരുവിനെ പരിചരിച്ചാണ് വിദ്യ അഭ്യസിച്ചിരുന്നത്. അന്നത്തെ വിദ്യാഭ്യാസം നാം ഇന്ന് കാണുന്ന രീതിയിലുള്ളത് അല്ല.
ജ്യോതിഷം, കളരിപ്പയറ്റ്, വൈദ്യം, വേദങ്ങളും ഉപനിഷത്തുകളും തുടങ്ങിയ വിവിധ ശാഖകളിൽ ഉള്ള അറിവ് സമ്പാദിച്ചിരുന്നു. തൻറെ ശിഷ്യൻ അഭ്യസ്ത വിദ്യൻ ആയി എന്ന് ഗുരുവിന് ബോധ്യമായാൽ അവനെ അവൻറെ വീട്ടിലേയ്ക്ക് തിരിച്ചു പോകാൻ അനുവദിക്കുന്നു. ഈ വിദ്യാഭ്യാസം എല്ലാവർക്കും പ്രാപ്യമല്ലായിരുന്നു. കുലമഹിമയും, സമ്പത്തും ഉള്ളവർക്ക് മാത്രമായി ഇത്
പരിമിതപ്പെട്ടിരുന്നു. എന്നാൽ ഇന്ന്, വിദ്യാഭ്യാസം എല്ലാവരുടേയും അവകാശം ആയി മാറിയിട്ടുണ്ട്. ഏകദേശം 30 വർഷങ്ങൾക്കു മുമ്പുവരെയും പണക്കാരുടെ മക്കൾക്ക് മാത്രമാണ് വിദ്യാഭ്യാസം നേടാൻ സാധിച്ചിരുന്നത്. സാമ്പത്തിക പ്രതിസന്ധിയും, യാത്രാക്ലേശവും ആയിരുന്നു ഇതിനു പ്രധാന
കാരണങ്ങൾ. എന്നാൽ ഇന്ന് എല്ലാവർക്കും സ്വാതന്ത്ര്യവും ഗുണമേന്മയും ഉള്ള വിദ്യാഭ്യാസം എല്ലാ സർക്കാർ സ്കൂളുകൾ വഴിയും ലഭ്യമാക്കിയിട്ടുണ്ട്. അതിനാൽ തന്നെ എല്ലാ മാതാപിതാക്കൾക്കും തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകുവാൻ സാധിക്കുന്നുണ്ട്. കൂടാതെ സർക്കാർ സ്കൂളുകളിൽ യാത്രാ സൗകര്യത്തിനായി സ്കൂൾ വാനുകൾ സജ്ജമാണ്. ഇതും ഇന്നത്തെ വിദ്യാഭ്യാസത്തിന് അനുകൂലമായ ഒരു ഘടകമായി പ്രവർത്തിക്കുന്നു. പഴയകാല വിദ്യാർത്ഥികൾ പുസ്തക വായനയിലൂടെ നേടിയിരുന്ന അറിവ് ഇന്ന് ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്താൽ സ്വയം ആർജ്ജിക്കാൻ പറ്റുന്ന ഒരു കാലഘട്ടത്തിലാണ് നാം എത്തി നിൽക്കുന്നത്. ഇന്ന് എല്ലാ സർക്കാർ സ്കൂളുകളിലും പോഷകാഹാരങ്ങൾ പ്രാതലായും, ഉച്ചഭക്ഷണമായും നൽകുന്നതിനാൽ പട്ടിണി പഠനത്തെ ബാധിക്കുന്ന അവസ്ഥ നിലവിലില്ല. പുതുമകൾ തേടുന്നവരാണ് നാം എല്ലാം. എത്ര മികച്ചത് ലഭിച്ചാലും അക്കരെപ്പച്ച തേടുന്നതിനാൽ, ഇംഗ്ലീഷ് വിദ്യാഭ്യാസം എന്ന പേരു പറഞ്ഞ് താങ്ങാൻ ആകാത്ത ചെലവുകൾ നേരിട്ട് സി. ബി.എസ് .സി. വിദ്യാഭ്യാസത്തിൻറെ പുറകെ പോകാൻ മാതാപിതാക്കൾ നിർബന്ധിതരായി. ഇംഗ്ലീഷ് വിദ്യാഭ്യാസം സൗജന്യമായി സർക്കാർ സ്കൂളുകളിൽ നടപ്പിലാക്കി. എങ്കിലും "എൻറേത് അല്ലെങ്കിൽ എനിക്കുമാത്രം " എന്ന ചിന്താഗതിയുടെ പുതിയ ലോകാന്തരീക്ഷത്തിലേയ്ക്ക് തങ്ങളുടെ കുട്ടി എത്തിച്ചേരണം എന്നതിൽ രക്ഷകർത്താക്കൾ വിട്ടുവീഴ്ച്ചയ്ക്കു തയ്യാറാകാത്ത സാഹചര്യവും നിലവിലുണ്ടായി. കുട്ടികൾക്ക് കഴിയാത്ത കാര്യങ്ങൾ പോലും
നേടിയെടുക്കുന്നതിന് രക്ഷകർത്താക്കളുടെ ഭാഗത്തുനിന്നും സമ്മർദ്ദം ഉണ്ടാകുന്നതായി കാണാൻ കഴിയുന്നു. മേൽ സാഹചര്യമാണ് അട്ടപ്പാടിയിലെ സാരംഗ് എന്ന സമാന്തര വിദ്യാഭ്യാസസ്ഥാപനം നടത്തുന്ന ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും ചേർന്ന് രചിച്ച "താങ്ങാവുന്ന വിദ്യാഭ്യാസം" എന്ന പുസ്തകം പങ്കുവയ്ക്കുന്നത്. സ്കൂൾ ഒരു ഫാക്ടറി അല്ലെന്നും അദ്ധ്യാപകർ മെനഞ്ഞെടുക്കുന്ന
ഗുണമേന്മയുള്ള ഒരു ഉല്പന്നമല്ല വിദ്യാർത്ഥി എന്നുമുള്ള ദർശനമാണ് ഈ ഗ്രന്ഥത്തിലൂടെ അവതരിപ്പിക്കുന്നത്. കുട്ടികളുടെ വ്യത്യസ്ത കഴിവുകൾ പ്രകടിപ്പിക്കാനും , പ്രാഗത്ഭ്യം നേടാനുമുള്ള വേദികളായി മാറണം നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

## മലയാള ഭാഷ

മലയാളമാണെൻ ഭാഷ
മലയാളമാണെൻ മാതൃ ഭാഷ
ഞാൻ ജനിച്ച നാടിൻറെ ഭാഷ
മലയാളമാണെൻ ജന്മഭാഷ
ദൈവത്തിൻ സ്വന്തനാടിൻ ഭാഷ
സ്മിതം തൂകുന്ന ഭാഷ
അമ്മയിൽ നിന്നു പകർന്ന ഭാഷ
അമ്മ തൻ സ്നേഹ ഭാഷ
മാതാ പിതാ ഗുരു ഭാഷ
പൂക്കളുടെ സൗന്ദര്യം പോലെ
പ്രകൃതിയുടെ സൗന്ദര്യം പോലെ
കിളികളുടെ ഒലികൾപോലെ
നിറയും നമ്മുടെ ഭാഷ
വരൂ കൂട്ടുകാരെ നമുക്കൊന്നു
രസിച്ചു പഠിക്കാം നമ്മുടെ മലയാള ഭാഷയെ
നന്മകൾ പകർന്നു നൽകുന്ന ഭാഷ
കേരളത്തിൻറെ സ്വന്തം ഭാഷ
മലയാളമാണെൻ ഭാഷ
അമ്മയെപ്പോലെനിക്കാരാധനയാണെന്നും
നന്മതൻ വൈഖരി മാതൃമൊഴി
കാലത്രയങ്ങളിൽ തൊട്ടും തലോടിയും
താലകാഭം ചേർത്ത മാതൃമൊഴി മധു
കാകളി തൂകിടും മാതൃമൊഴി
　　കാവ്യപ്പൊലിമയിൽ കർപ്പൂരഗന്ധി നീ
　　ഭാവനോദ്യാനത്തിലെ അക്ഷരാഗ്നി
　　ആകാശഗംഗ പാലൊഴുകുന്ന നിർത്സരി
　　ആന്ദോളനമാടിയും മാതൃമൊഴി നമ്മിൽ
　　ആപദം തുള്ളിടും മാതൃമൊഴി
പൃഥ്വിയിടത്തിൽ നാമ്പിട്ടനാൾ മുതൽ
പൊക്കിൾ ക്കൊടിയിലൂടിറ്റല്ലേ
ജീവശരീരനും അന്നപ്രസാദവും
ജാത്യാഭിമാനവും മാതൃമൊഴി ഉള്ളിൽ
വിതപ്പതും മാതൃമൊഴി

കാതിന്നു ഇമ്പവും കരളിനും
നാവിന്നും മധുരവും നൽകിടുന്നു
പായസ സ്വാദേകും മാതൃമൊഴി എന്നും
മാനസം ലാളിക്കും മാതൃമൊഴി

പച്ചമലയാളം, ചമ്പുക്കൾ, തുള്ളലും
പാട്ടു, കിളിപ്പാട്ടു, വഞ്ചിഗീതം
ആട്ടക്കഥ മഹാഖണ്ഡകാവ്യങ്ങളും
ആത്മകഥയാദി ശില്പങ്ങളും പദം
മാറ്റിപ്പകർത്തിയും മാതൃമൊഴി
പാണനാർ തുടിയിൽ മേലളിച്ചശീലുകൾ
വാണിവിലാസം ചൂടുന്ന ചുണ്ടുകൾ
നാട്ടിൻ പാട്ടുകൾ നാടിൻ തുടിപ്പുകൾ
പാടവശാസ്ത്രമാം മൊഴി.

## അമ്മയാകുന്ന ഭാഷ

അമ്മതൻ ഉദരത്തിൽ വിശ്രമിക്കും ആ ദിനങ്ങളിൽ
ഞാൻ കേൾക്കും മന്ത്രങ്ങൾ
കാതിൽ കുളിർമയായി പെയ്യവേ
അറിഞ്ഞില്ല ഞാനതെൻ മാതൃഭാഷ എന്ന് കനിവോറും എൻ അമ്മയെന്ന്
ഈ ഭൂമി ഞാൻ കണ്ട നിമിഷം
എൻ പെറ്റമ്മ എന്നെ വാരിപ്പുണർന്ന നിമിഷം മാതൃത്വത്തിന്റെ സ്നേഹവും
അതിന്റെ ആഴവും ഞാനറിഞ്ഞ നിമിഷം
എന്നെന്നും ഞാനോർക്കുന്ന ആ പുണ്യ നിമിഷം
എൻ മാതൃഭാഷ പോൽ പ്രധാനം എനിക്ക്
എൻ പെറ്റമ്മ പറയും വാക്കുകൾ
ഉലച്ചു നാവിനെ
പൊന്തി വന്നു എന്തോ പറയാൻ
പക്ഷേ പറ്റിയില്ല എന്തെന്നറിഞ്ഞുമില്ല

# രണ്ടു കൂട്ടുകാർ

ഒരിക്കൽ രണ്ടു കൂട്ടുകാർ മരുഭൂമിയിൽ കൂടി സഞ്ചരിക്കുകയായിരുന്നു. ആ യാത്രയുടെ ഇടയിൽ അവർ തമ്മിൽ ഒരു തർക്കമുണ്ടായി. ആ തർക്കത്തെ തുടർന്ന് ഒരു കൂട്ടുകാരൻ മറ്റെ കൂട്ടുകാരൻറെ മുഖത്തടിച്ചു. അടികൊണ്ട കൂട്ടുകാരൻ ഒരുപാട് വേദനിച്ചു എങ്കിലും അവൻ ഒന്നും പറഞ്ഞില്ല. പകരം അവൻ മരുഭൂമിയിലെ മണലിൽ എഴുതി. 'ഇന്നെന്റെ പ്രിയ കൂട്ടുകാരൻ എന്റെ മുഖത്ത് അടിച്ചു'. അങ്ങനെ അവർ വീണ്ടും യാത്ര തുടർന്നു. യാത്രയുടെ ഇടയിൽ ദാഹിച്ച അവർക്ക് ഒരു മരിപ്പിച്ച കണ്ടെത്താൻ സാധിച്ചു. അങ്ങനെ അവർ രണ്ടുപേരും അതിൽ വെള്ളം കുടിക്കാൻ ഇറങ്ങിയപ്പോൾ അടി കൊണ്ട് കൂട്ടുകാരൻ ഒരു ചെളി കുണ്ടിൽ മുങ്ങാൻ തുടങ്ങി. എന്നാൽ അവന്റെ പ്രിയ കൂട്ടുകാരൻ അവനെ കഷ്ടപ്പെട്ട് രക്ഷിച്ചു. രക്ഷപ്പെട്ട കൂട്ടുകാരൻ അവിടെയിരുന്ന് കല്ലിൽ എഴുതി.' ഇന്നെന്റെ പ്രിയ കൂട്ടുകാരൻ എന്റെ ജീവൻ രക്ഷിച്ചു'. അടിച്ചതും പിന്നെ ജീവൻ രക്ഷിച്ചതുമായി ആ കൂട്ടുകാരൻ അവനോട് ചോദിച്ചു ഞാൻ നിന്നെ വേദനിപ്പിച്ചപ്പോൾ നീ അത് മണലിൽ എഴുതി എന്നാൽ എപ്പോൾ നിന്റെ ജീവൻ ഞാൻ രക്ഷിച്ചപ്പോൾ എന്തുകൊണ്ട് നീ അത് കല്ലിൽ എഴുതി കൂട്ടുകാരൻ മറുപടി പറഞ്ഞു. ആരെങ്കിലും നമ്മെ വേദനിപ്പിച്ചാൽ അത് മണലിൽ എഴുതണം ക്ഷമയാകുന്ന കാറ്റ് അത് മായിച്ചു കളയും. പക്ഷേ ആരെങ്കിലും നമുക്ക് നല്ലത് ചെയ്താൽ നമ്മൾ അത് കല്ലിൽ കൊത്തി വയ്ക്കണം. ഒരിക്കലും മാഞ്ഞു പോകാത്തതുപോലെ.

ഈ കഥയുടെ ഗുണപാഠമാണ് നമ്മുടെ സുഹൃത്ത് ബന്ധങ്ങൾ നിലനിർത്തണമെങ്കിൽ അവരുടെ തെറ്റുകൾ നമ്മൾ ക്ഷമിക്കാനും മറക്കാനും തയ്യാറാകണം അതുപോലെ അവർ ചെയ്ത നല്ല കാര്യങ്ങളെ അഭിനന്ദിക്കുകയും ഓർമ്മയിൽ സൂക്ഷിക്കാനും ശ്രമിക്കണം. അപ്പോഴാണ് സുഹൃദ്ബന്ധങ്ങൾ നിലനിൽക്കുന്നത്

## ഗാന്ധിജയന്തി കവിത

വട്ട കണ്ണട വെച്ചിട്ട് വടിയും കുത്തി നടന്നിട്ട്
നമുക്ക് നാടിതു നേടിത്തന്നു നമ്മുടെ ഗാന്ധി അപ്പൂപ്പൻ
നല്ലത് മാത്രം ചെയ്യാനും നല്ലവരായി നടക്കാനും നമ്മോട് ഓതുകയാണ് അപ്പൂപ്പൻ നമ്മുടെ
ഗാന്ധി അപ്പൂപ്പൻ തൊഴുകയോടെ നമിക്കാനും
തോക്കില്ലാതെ ജയിക്കാനും പണ്ടേ നമ്മെ പഠിപ്പിച്ചല്ലോ നമ്മുടെ
ഗാന്ധി അപ്പൂപ്പൻ വട്ടക്കണ്ണട വെച്ചിട്ട് വടിയും കുത്തി നടന്നിട്ട്
നല്ലത് മാത്രം ചെയ്യാനും തൊഴുകയോടെ നമിക്കാനും
നമ്മെ നയിച്ചോരപ്പൊപ്പൻ നമ്മുടെ ഗാന്ധി അപ്പൂപ്പൻ

## യാത്രാവിവരണം

*വളരെ സന്തോഷത്തോട്ടു കൂടെയായിരുന്നു ഞാൻ എന്റെ അമ്മയോടൊപ്പം അമ്മയുടെ സ്കൂളിൽ നിന്ന് വിനോദയാത്രയ്ക്ക് പുറപ്പെട്ടത്. നെടുമങ്ങാട് വഴി കൊല്ലം ചെങ്കോട്ട താണ്ടി തെങ്കാശിക്ക് അടുത്തുള്ള സുന്ദര പാണ്ഡ്യപുരത്തിലേക്ക് ആയിരുന്നു യാത്ര. ആടിയും പാടിയും വനാന്തരത്തിലൂടെ ബസ് മുന്നോട്ടു നീങ്ങിയപ്പോൾ മനസ്സിന് കുളിർമയേകുന്ന കാഴ്ചകളാണ് കണ്ടത്. കൊല്ലം ചെങ്കോട്ട റെയിൽവേ പാത ആരെയും അമ്പരപ്പിക്കുന്ന കാഴ്ചയാണ്. മലകളും കാടുകളും കാട്ടാറും വന്യജീവികളും യാത്രയ്ക്കിടയിൽ മിന്നിമറഞ്ഞു.സഹ്യപർവ്വത നിരകൾ താണ്ടി ചുരം ഇറങ്ങി ഉച്ചയായപ്പോഴേക്കും ഞങ്ങൾ സുന്ദര പാണ്ഡ്യപുരത്തെത്തി. മഞ്ഞപ്പട്ടണിഞ്ഞ പാടങ്ങൾ ആരെയും ആകർഷിപ്പിക്കുന്നവയായിരുന്നു. സൂര്യന്റെ ദിശ മാറുന്നതിനനുസരിച്ച് സൂര്യകാന്തി പൂക്കൾ സൂര്യനോടൊപ്പം ചലിക്കുന്നതായി കാണാൻ കഴിഞ്ഞു. ആ നട്ടുച്ച നേരത്തും പൂത്തുലഞ്ഞു നിൽക്കുന്ന സൂര്യകാന്തി പൂക്കൾ ഞങ്ങളെ തലയാട്ടി വിളിക്കുന്നതായി തോന്നി ഓർമ്മയിൽ എന്നും നിറഞ്ഞു നിൽക്കുന്ന അനുഭവമായിരുന്നു അത്*

# ENGLISH



## FILM REVIEW

"The kid" is a movie without any sound. It is an old movie in which Charlie Chaplin is the leading character. It is about a child of woman who is left by her mom because of poverty. The movie starts with showing a sad moment that a mom leaves her own child because of poverty and then Charlie Chaplin the innocent man took the child with him. The child grew and was five years old. The child had a strong bond with the innocent man. The woman became a famous actress. And after that the woman felt sad for her baby. Finally, after a long interval of time, mom reaches the kid. Then with the kid they lived happily ever after.

The movie has a message that everything will be alright, so don't worry about anything. Life goes on easily like that, so be an optimist in our life.

## BOOK REVIEW

## SNOW WHITE AND THE SEVEN DWARFS

Once upon a time a king lived in a country. He has a daughter. Her name was Snow white. Her skin is white as snow, lips are red as blood  and her hair was black . Because of these the king named her as Snow white. Oneday her mother died. This reason king married again. He was very proud about the new wife. The second queen has a magic mirror. Everyday morning and night she asked the mirror “ mirror, mirror on the wall who is the fairest of us, oh mirror tell”. But oneday queen asked the mirror that who is the fairest in the world. That time it replied it was Snow White. The mirror alwayssaid that it was Snow white. With jealous the second queen decided to kill Snow white. She asked one spy to kill her and bring her heart and lungs. He took Snow white to a forest and release her there, because he was a kind hearted man. Snow white wandered here and there and found a cottage there. There lived seven dwarfs. With very happiness she lived with the dwarfs. They looks her very carefully. Years pass by. Snow white become an young one.  This time the step mother know that Snow white was alive. With the cruel mind she decided to kill her. She took one apple and fill it with poison and give it to Snow white. But the king know about it and he prevent Snow white from eating the apple. He took her to palace and declared her as next queen of his kingdom.

## Days giving importance to environment

January 26 – world environmental education day
February 12 – darwin’s day
March 21 – international afforestation day
March 22 - world water day
March 23 – world climate day
April 22 – earth day
April 27 – frog day
May 29 – everest day
June 5 - world environmental day
June 8 - world ocean day
June 20 - solar day
July 11 - world population day
July 21 - moon day
July 26 - international mangrove dayaugust 6 – hiroshima day
August 9 – nagasaki day
August 17(*chingam 1*) - farmer’s day
September 2 – coconut day
September 16 – international ozone day
September 18 – bamboo day
September 27 – tourist’s day
October 2 – wildlife week
October 4 – state elephant day
October 16 – food day
November 12 – world bird day
November 14 - chidren’s day
November 21 – world fisheries day
December 3 – Bhopal day
December 5 – world soil day
December 11 – international mountain day

## OUR DUTIES TOWARDS NATION

India is a traditional country which ,gave birth to many Holy scriptures. We are blessed with sincere and dutiful people like Mahathma gandhi, Jawaharlal Nehru, Sardar

vallabhai patel etc. Gandhiji the father of our nation has always laid great emphases on
duties. India being a democratic country has a written constitution which consists of the
fundamental rights and duties of a citizen. We have to give due importance to the
fundamental duties. Fundamental duties are included in part IV A of the Indian
constitution.

Certain duties are to be performed by the citizens towards the state protect the
unity and integrity of the nation. These duties are known as fundamental duties. When the
state provides us rights and protection, it is our duty to abide the constitution to develop
audibility among the citizens and to provide help for the betterment of the nation.

Accomplishing the fundamental duties in this manner will create a better society and its
result will reach everyone. According to our constitution there are ten fundamental duties.

They are:

1.To abide by the constitution and respect its ideals and institutions the national
flag and the national anthem.

2.To cherish and follow the noble ideals which inspired our national struggle
for freedom.

3.To uphold and protect the sovereignty, unity and integrity of India .

4. To defend the country and render national services when called upon
to do so.

5 To promote harmony and the spirit of common brotherhood among
all the people of India transcending religion,linguistic and regional
diversities to renounce prachces derogatory to the dignity of women.
6.To value and preserve the rich heritage of our composite culture.
7. to protect and improve the natural environment including forest,lakes,
rivers and wild life and to have composing for twinge creatures.
8.To develop the scientific temper, humanism and the spirit of enquiry and reform.
9.To safeguard public property.
10.To strive towards excellent in all spheres individual and collective activity so that
the nation constantly rises to higher levels.
Besides fundamental duties, there are many individual duties. The traditional Indian
society emphasizes the individual’s kartavya, which is the performance of one’s duties
towards society, the country and towards one’s parents. The duty towards one’s parents is
the most important duty. It is our duty to take care of our old parents. The Githa and the
Ramayana enjoin people to perform there duties without caring for their results. Every
citizen has to play one’s own role in the development of a nation. For that we have to
understand our duties and perform it correctly.
Thank you. Have a nice day.

## ***DIGNITY***

*You get dignity*
*When you stop thinking wrong*
*When you do what you learn right*
*You can live dignified*
*When you live a lifestyle that,*
*Matches your vision*
*You can get dignity*
*When you renounce the ego of individual*
*And rejoice ups and downs of lifestyle*
*There is dignity*
*When you have good thoughts.*
*In your heart and mind.*

## ***MYSTERY MOM***

Mom your love is a mystery.
How can you do at all?


You’re always there with love
  Perfect fix
For my problems , big and small
Your love protects me day after day
So Iam fearless safe and sound.
I feel that I can do anything
Whenever you are around
Mom your love is a mystery
I haven’t got a glue
When you love all time
But Iam very glad you do!

## ***SUMMER***


The warmth on my skin


The heat on my face
Humidity in the air
The sweet after a race
longer days with fun and joy
Is what summer brings
The sky in a brilliant shade of blue
And so many more things
The cold tingling feeling of the cool
As our skin glues a sigh of relief
Our minds thinking of the long days
When no body is in grief
The sun shines merrily above the horizon
Sharing its heat and light
A smile on everybody’s face
As our hearts are filled with delight


# ഗണിതം






**Mathematics Gallery**










Geometry shape Optical Illusion


Name: Anusha A
Std : IX



# हिन्दि



# कविता

## धरती

सूंदर रूप इस धरा का
आँचल जिसका नीला आकाश
पर्वत जिसका ऊँच मस्तक
उस पर चाँद सूरज की विंदियों का ताज।

नदियों - झरनों से छलकता यौवन
संतरंगी पुष्प लताओं ने किया श्रृंगार
खेत-खलिहानों में लहकती फसलें
बिखराती मंद-मंद मुस्कान ।

हाँ, यही तो हैं. . . . . . . . . . . . . . . . . . . . .
इस प्रकृति का स्वछंद स्वरुप
प्रफुल्लित जीवन का निष्छल सार
प्रकृति धरा पर अपनेलिए कुछ नहीं करती ।

ले आ गया फिर से हँसी मौसम वसंत का

शुरूआत है बस ये निष्ठूर जाडे के अंत का
गरमी तो अभी है वर्षा न आएगी
फूलों की महक हर दिशा में फैल जाएगी ।

# कहानी


## खिल गए गुलाब

मरिया का ध्यान अपने गुलाब के पौधों पर था ।पिछले मौसम की अपेक्षा इस बार पौधे पर फूलों में कलियाँ कम थी ।यह सोचकर मरिया को बहुत दुख हुआ ।मरिया अपने सभी पौधों को अपने बच्चे जैसा पालता था। समय- समय पर पौधों की गुडाई, कटाई करना , पानी और खाद देना उसके जरुरी और रोजमर्रा के कामों में शामिल था ।उसका छोटा- सा घर विभिन्न फूलों के पौधों से सजा था और घर की दीवारें खुबसूरत बेलों से ढकी इठलाती दिखाई देती।आस- पडोस के लोग मरिया के घर को ' ग्रीन हाउस' कहते थे।

फूलों में कलियाँ कम होने के कारण मरिया दुखी हुई। वह दिन- रात इस ख्याल में आई कि मेरे बगीचे के फूलों को क्या हुआ ? मेरा घर इसी समय तक ग्रीन हाउस कहता था मैं तो फूलों की रानी थी ।एक दिन उसके सपने में एक परी आई। वह सफेद परी थी ।उसके पंख सफेद थे। परी मरिया से पूछा कि तुम क्यें उदास हो ? सूखती क्यों जा रही हो? लगता है तुम बहुत रोयी हो। मरिया ने परी से सब बातें बताई ।परी ने विश्वास दिलाया कि मेरे प्यारे बच्चे तू पहले जिसप्रकार अपने बगीचे को ध्यान से संभाला उसीप्रकार ही उसे पालन पोषण करना। हमारा प्रयत्न सफल बनेगा। इतना कहकर परी अप्रत्यक्ष हो गया। मरिया खुशी से अपने बगीचे को संभालता रहा। कुछ दिन बीत गए मरिया के बगीचे में कई रंगों के फूल खिलने लगे। बगीचा फिर से फूलों से भरा ।मरिया के घर के आस- पास खुशबू फैला। सबके मुँह में खुशी भरने लगे ।

*****************


# Paintings


**Drawings**












Isfana B
IX A5


Athira J Vijayan
9 A5


By Vaishnavi.V.V
9A2.


BY
Shahina
9A5


വായനാദിനം
ജൂൺ - 19
"ഒരു പുസ്തകം അറിവിന്റെ ചക്രവാളമാണ്"




TOM
by
Dhanika

## സ്കൂൾതല പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ



**അസംബ്ലി**



*വനിതാദിനം 1*



**മലയാളഭാഷാദിനം**




**കായികദിനം**





ഓണാഘോഷം



ക്രിസ്മസ് ദിനാഘോഷം


Ashmi.P.S


by · Anugrah.





നനയാത്ത
മഴ
By
VIII A2




DOREMON
By
VIII A2




പാറശ്ശാല ഗവൺമെന്റ് വൊക്കേഷണൽ
ഹയർ സെക്കന്ററി സ്കൂളിൽ





# നന്ദി

ഈ  ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിനു പിന്നിൽ

പ്രവർത്തിച്ച എല്ലാ ആധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും

നന്ദി അർപ്പിക്കുന്നു

